ക്ഷേമ സമിതിയുടെ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പിന്നോക്ക സമുദായങ്ങൾക്കുള്ള പ്രാതിനിധ്യ കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഈ സഭയുടെ ആദ്യത്തെ സമ്മേളനത്തിൽ തന്നെ എന്റെ ഉപചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രതീക്ഷിച്ചിരിക്കുകയാണ്, അത് വന്നുകഴിഞ്ഞാൽ പരിശോധിച്ച് ഈ കാര്യത്തിൽ നടപടി എടുക്കുമെന്ന് പറഞ്ഞു. 2001 നവംബർ 9-ാം തീയതിയാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ട് അനുസരിച്ച് സംവരണത്തിൽ ഏറ്റവും കുറവ് സംഭവിച്ചിരിക്കുന്നത് മുസ്ലീം സമുദായത്തിനാണ്. 7383 ഉദ്യോഗങ്ങളുടെ കുറവ് അവർക്കുണ്ട്. ആ ഉദ്യോഗങ്ങൾ കുറവല്ല. ലത്തീൻ കത്തോലിക്കർക്ക് 4377 ഉദ്യോഗങ്ങളുടെ കുറവ് ഉണ്ട്. ഈ കുറവ് ചൂണ്ടിക്കാട്ടി 2002 ഫെബ്രുവരി 14, 2003 ജൂൺ 20 എന്നീ രണ്ടു ദിവസങ്ങളിൽ ഈ സഭയുടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നിയമസഭാ സാമാജികർ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കണം എന്നുമുള്ള സമവായത്തിൽ എത്തുകയും ചെയ്തു. അതിന് മറുപടി പറഞ്ഞ മന്ത്രി ശ്രീ. എം. എം. ഹസ്സൻ അത് സംബന്ധിച്ച് ഉടൻ നടപടി സ്വീകരിക്കാം എന്നു പറഞ്ഞു. ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ സമവായത്തിൽ എത്തിയ കാര്യം, സമവായം സമവായം എന്നു പറഞ്ഞ് നീട്ടിക്കൊണ്ടു പോകുന്നതിന്റെ വികാരം മനസ്സിലാകുന്നില്ല. എന്നും സംവരണത്തെ അട്ടിമറിക്കാൻ ശ്രമിച്ചു പോന്നിട്ടുള്ള ചില ശക്തികളുടെ ആജ്ഞാനുവർത്തിയായി ഗവൺമെന്റ് മാറരുത്. ഈ റിപ്പോർട്ട് ഉടൻ നടപ്പാക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കുന്നു. ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായ കമ്മീഷൻ 9-11-2001-ൽ ആണ് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചത്. റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. അത് ഇപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

(2) സർവ്വീസ് പെൻഷൻകാരുടെ പ്രശ്നങ്ങൾ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, സംസ്ഥാനത്തെ മുന്ന് ലക്ഷത്തിൽപ്പരം വരുന്ന സർവ്വീസ് പെൻഷനേഴ്സിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം എന്നതാണ് എന്റെ സബ്മിഷൻ. കഴിഞ്ഞ

10.00 A.M.] യു.ഡി.എഫ്. ഗവൺമെന്റ് ആവിഷ്കരിച്ച പെൻഷനേഴ്സ് മെഡിക്കൽ ബെനിഫിറ്റ് സ്കീം പുനരാവിഷ്കരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻകാരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുകയും ചെയ്യണ മെന്നും കേന്ദ്ര സർക്കാർ പെൻഷൻകാരുടെ ഡി.എ. നിർത്താൻ ഭീഷണി മുഴക്കിയ ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ ശക്തമായി ഇടപെടണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, സർവ്വീസ് പെൻഷൻകാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പെൻഷണേഴ്സ് മെഡിക്കൽ ബെനിഫിറ്റ് സ്കീം പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ അതിന്റെ സാമ്പത്തിക ബാധ്യത തിട്ടപ്പെടു ത്തിയശേഷം തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) തലശ്ശേരി ഗവൺമെന്റ് ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ തലശ്ശേരി ഗവൺമെന്റ് ജനറൽ ആശുപത്രി 450 കിടക്കകളുള്ള ഏറ്റവും വലിയ ജനറൽ ആശുപത്രിയാണ്. ഇപ്പോൾ അവിടെ 12 ഡോക്ടർമാരില്ല. ആവശ്യത്തിന് സ്റ്റാഫില്ല. അവിടെ സർജറി ഒന്നുംതന്നെ നടക്കുന്നില്ല. രോഗികൾക്ക് ഒരു ചികിൽസയും കിട്ടാത്ത അവസ്ഥയാണ്. ഉള്ള ഡോക്ടർമാർ തന്നെ ലീവെടുത്തു പോകുന്നു. ഈ സാഹചര്യത്തിൽ ആ ഗവൺമെന്റ് ആശുപത്രി വെറും ഒരു കെട്ടിടമായിട്ട് മാറുന്ന സാഹചര്യമാണുള്ളത്. തലശ്ശേരിക്കാർ ഇപ്പോൾ സമാധാനത്തിലാണ്. സമാധാന ലംഘനം മന്ത്രി ഉണ്ടാക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഈ സ്ഥിതിയിൽ പോയാൽ ഞങ്ങൾ എന്തെങ്കിലും ചെയ്യേണ്ടി വരും. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ഇടപെട്ട് ഇതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെ സമാധാന ലംഘനം ഉണ്ടാക്കുന്ന പ്രശ്നം ഒരിക്കലും ഉണ്ടാകുകയില്ല. രണ്ടാമത്തെ കാര്യം, അവിടെ 41 ഡോക്ടർമാരാണുള്ളത്. പക്ഷേ ആ 41 പേരിൽ 6 പേർ ഹ്രസ്വകാല അവധിയെടുത്ത് പോയിരിക്കുന്നു. 9 പേർ അൺ ആതറൈസ്ഡ് ലീവാണ്. സ്റ്റാഫ് നഴ്സുമാർ 107 പേരിൽ 105 പേർ ഉണ്ട്. ഈ സ്ഥിതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്. ഇപ്പോൾ ഫിസിഷ്യൻ, സർജൻ, ഗൈനക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, അനസ്തറ്റിസ്റ്റ് എന്നീ സ്പെഷ്യാലിറ്റി മേഖലയിലുള്ള ഒഴിവുകൾ ഈ വിഭാഗത്തിലെ സ്പെഷ്യൽ ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് നികത്തുന്നുണ്ട്. പിന്നെ കെട്ടിടത്തിന്റെ കാര്യത്തിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly